(51) പഞ്ചായത്തു ജീവനക്കാരുടെ പ്രശ്നം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, കേരളത്തിലെ 12,000—ൽപ്പരം വരുന്ന പഞ്ചായത്തു ജീവനക്കാരെ ഗവൺമെന്റു ജീവനക്കാരാക്കണമെന്ന രാമചന്ദ്രൻനായർ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ കാലതാമസം കൂടാതെ ഉടനടി നടപ്പിലാക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് കേരള പഞ്ചായത്തു് എംപ്ലോയീസ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ 22-12-1986 മുതൽ പഞ്ചായത്തു ഡയറക്ടറുടെ ഓഫീസിനു മുൻപിൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിരിക്കുകയാണു്. പഞ്ചായത്തു ജീവനക്കാർക്കു് ഇന്നു് ഗവൺമെന്റു ജീവനക്കാർക്കു് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല. ഭവനനിർമ്മാണ വായ്പ, ഗ്രേഡു്, പ്രൊമോഷൻ ആനുകൂല്യങ്ങൾ, ഫാമിലി ബനിഫിറ്റ് സ്കീം തുടങ്ങിയുള്ള ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല. ഗവൺമെന്റു് നിയോഗിച്ച കമ്മിറ്റിയാണു് രാമചന്ദ്രൻ നായർ കമ്മിറ്റി. ആ കമ്മിറ്റിയുടെ ശുപാർശകൾ ഉടനടി നടപ്പിലാക്കണമെന്നു് ഞാൻ ഗവൺമെന്റിനോടു് ആവശ്യപ്പെടുകയാണു്.

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളെല്ലാംതന്നെ ഗവൺമെന്റു വളരെ ഗൗരവമായി കണക്കിലെടുക്കുന്നുണ്ടു്. ഈ കമ്മിറ്റി രൂപീകരിച്ചതിന്റെ ഉദ്ദേശവും ഇതുതന്നെയായിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടു് കിട്ടിയിട്ടുണ്ടു്. ഗവൺമെന്റിന്റെ പരിഗണനയിലുണ്ടു്, പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

(52) അരൂർ നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ ഗവൺമെന്റിന്റെ കാലത്തു് ഒരു തുള്ളി കുടിവെള്ളവും കിട്ടാത്ത ഒരു നിയോജകമണ്ഡലത്തിന്റെ കഥയാണു് ഞാൻ പറയാൻ പോകുന്നതു്, അരൂർ പഞ്ചായത്തിൽ രണ്ടു വാർഡിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു വേണ്ടിയിട്ടു് കൊച്ചിയിൽ നിന്നും വെള്ളം കിട്ടിക്കൊണ്ടിരുന്നു. ഇപ്പോഴാകട്ടെ കൊച്ചിയിൽ വെള്ളം കിട്ടാതെ വന്നതിന്റെ ഫലമായിട്ടു് അവിടെ കിട്ടിക്കൊണ്ടിരുന്ന വെള്ളം പോലും കിട്ടാത്ത ഒരു സ്ഥിതിയാണു് വന്നിരിക്കുന്നതു്. അവിടെ എല്ലാ വാർഡിലും പൈപ്പു് ഇട്ടിട്ടുണ്ടു്. ഒരു തുള്ളി വെള്ളം ഇല്ല. അതാണു് സ്ഥിതി.

എഴുപുന്ന പഞ്ചായത്തിൽ നീണ്ടകര പ്രദേശത്തു നേരത്തെ ഒരു കുഴൽകിണർ ഉണ്ടായിരുന്നു. ഒരു കുഴൽകിണർകൂടി അവിടെയുണ്ടാവുകയാണെങ്കിൽ കൂടുതൽ വെള്ളം കൊടുക്കാൻ സാധിക്കുമെന്നു് പറഞ്ഞുകൊണ്ടു് ഒരു നൂറു പ്രാവശ്യം മെമ്മോറാണ്ടം കൊടുത്തിട്ടും ഫലമുണ്ടായിട്ടില്ല. അവിടെയൊരൊറ്റ പ്രദേശത്തും വെള്ളം കൊടുത്തിട്ടില്ല. അതിനുവേണ്ടിയിട്ടു് അവിടെ ഒരു കുഴൽകിണർ കൂടി കുഴിച്ചാൽ മതി. എന്നാൽ അതു് നടന്നിട്ടില്ല. ഈ നിയോജകമണ്ഡലത്തിന്റെ പടിഞ്ഞാറു് കടലും കിഴക്കു വേമ്പനാടു് കായലുമാണു്. ഉപ്പുവെള്ളംകൊണ്ടു് നിവൃത്തിയില്ലാത്ത ഒരു പ്രദേശമാണിതു്. കോടംതുരുത്തു പഞ്ചായത്തിലെ ചേരികൾ പ്രദേശത്തു കൊച്ചിയിൽനിന്നും വെള്ളം കൊടുക്കാമെന്നു പറഞ്ഞു പതിനായിരം രൂപ പൊതുജനങ്ങളെക്കൊണ്ടു് പിരിപ്പിച്ചു് കെട്ടിവച്ചതാണു്. അതിനാവശ്യമായ സാധനങ്ങൾ അവിടെ കൊണ്ടുവന്നിട്ടിട്ടു് രണ്ടുമൂന്നു കൊല്ലമായി. ഇതുവരെ അവിടെപോലും കണക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടില്ല. ഈ പഞ്ചായത്തിലും പരിസരപ്രദേശത്തും വെള്ളം ഇല്ല. കുത്തിയതോട് പഞ്ചായത്തിൽ പഴയ ഒരു വാട്ടർ ടാങ്കുണ്ട്. ഇന്നത്തെ മന്ത്രി നിയമസഭയിൽ ഇരുന്നതിനു മുമ്പ അതിലേയ്ക്കുണ്ട്, അതിൽനിന്നും ഒരു വാർഡിലേക്കാണ് വെള്ളം കൊടുക്കുന്നത്. ബാക്കി ഒരു പ്രദേശത്തും ഇതുവരെ വെള്ളം കൊടുത്തിട്ടില്ല.

സർ, രണ്ടു പഞ്ചായത്തിൽ വെള്ളം കൊടുക്കുന്നതിനുള്ള പൈപ്പും ഇട്ടിട്ടില്ല, ടാങ്കു ഇട്ടിട്ടില്ല. പട്ടണക്കാട് പഞ്ചായത്തിൽ പൊന്നാമല പ്രദേശത്തു ഒരു ഓവർ ഹെഡ്ഡ് ടാങ്ക് കെട്ടിപ്പൊക്കിയിട്ടുണ്ട്. ഗ്രാമോത്സവം നടന്ന കാലത്തു കുറെ പൈപ്പു കൊണ്ടു വന്നിറക്കി. ഇപ്പോൾ ആ പൈപ്പ് ആരോ മോഷണം നടത്തി എന്നു പറയുന്നുണ്ട്. പൈപ്പ് ഇപ്പോൾ കാണുന്നില്ല. അതിനെ കുഴൽകിണറോ മറ്റു സൗകര്യങ്ങളോ ഒന്നുമില്ല. അതിനെ വെള്ളത്തിന്റെ സോഴ്സ് എവിടെയാണെന്ന് ഇന്നുവരെ കണ്ടുപിടിച്ചിട്ടില്ല. കടക്കരപ്പള്ളി പഞ്ചായത്തിൽ 1980-81 കാലത്ത് അവിടെയുണ്ടായിരുന്ന വാട്ടർ സപ്ലൈ സ്കീം പരിമിതമായ ചില സ്ഥലങ്ങളിൽ വെള്ളം കൊടുക്കുന്നുണ്ട്. അത് മാത്രമാണ് അവിടെ ചെയ്യുന്നത്. വയലാർ പഞ്ചായത്തിൽ നേരത്തെയുണ്ടായിരുന്ന സ്കീമല്ലാതെ പുതിയ ഒരു സ്കീമും ഉണ്ടായിട്ടില്ല. അതുമൂലം പല സ്ഥലത്തും വെള്ളം കിട്ടുന്നില്ല. ഇന്നലെ ഹസ്സനും മറ്റു മെമ്പർമാരും സംസാരിച്ചപ്പോൾ പറഞ്ഞു എല്ലാ സ്ഥലത്തും വെള്ളം കൊടുത്ത ഒരു ഗവൺമെന്റാണിതെന്ന്. അങ്ങനെയൊരു ഗവൺമെന്റാണെങ്കിൽ ഇന്നത്തെ പലരുടേയും പരിദേവനം കേട്ടെങ്കിലും എന്തെങ്കിലും ചെയ്യുമായിരിക്കും. എന്റെ നിയോജകമണ്ഡലത്തിൽ ഒരു തുള്ളി വെള്ളവും കൊടുത്തിട്ടില്ല. കുറെ സ്ഥലത്തു അന്നത്തെ പൈപ്പു ഒളിച്ചിടുന്നതിനുവേണ്ടി കൊണ്ടുവന്നു കുഴിച്ചിട്ടിട്ടുണ്ട്. പല സ്ഥലത്തും ടാപ്പും വച്ചിട്ടുണ്ട്. അല്ലാതെ വേറെ ഒരു നടപടിയും എടുത്തിട്ടില്ല. ആലപ്പുഴ ജില്ലയിലേക്ക് പ്രത്യേകമായിട്ട് ഒരു ഗ്രാന്റ് അനുവദിച്ചിരുന്നു അവിടുത്തെ കെ.പി.സി.സി. പ്രസിഡന്റ് ആവശ്യപ്പെട്ടു എന്നു പറഞ്ഞുകൊണ്ട് അത് അവിടെനിന്നും എടുത്തുകൊണ്ടുപോയി. അതിനുശേഷം അതിനെക്കുറിച്ച് ഒന്നും അറിയില്ല. ഇതാണ് ഇന്നത്തെ സ്ഥിതി. ഇതിനെല്ലാം അടിയന്തിരമായ പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തും എടുത്തെടുത്ത്, അവിടെയുള്ള ശുദ്ധജലപ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. അതിൻമേലൊക്കെ നടപടികളും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഞാൻ ഇവിടെ അത് വളരെ വിശദമായി പറയുമ്പോൾ വളരെ സമയം പോകും എന്നുള്ളതുകൊണ്ട് ഒന്നുരണ്ടു കാര്യങ്ങൾ മാത്രമേ പറയുന്നുള്ളു. ആദ്യം പറഞ്ഞ ഒരു കാര്യം ശരിയാണ്. ആലുവായിൽനിന്നുമാണ് സോഴ്സ് കിട്ടിക്കൊണ്ടിരുന്നത്. വെള്ളത്തിന്റെ ദൗർലഭ്യമാണ് ഇപ്പോഴുള്ളത്. ആലുവാ പെരിയാറിൽനിന്നും കിട്ടുന്ന വെള്ളത്തിന്റെ ദൗർലഭ്യമാണ്. കൂടുതൽ വെള്ളം പമ്പുചെയ്തു കൂടുതൽ വെള്ളം ശുദ്ധീകരിച്ച് ഗ്രാവിറ്റി കൊച്ചിൻ മേഖലയിലേക്ക് കൂടുതൽ വെള്ളം കൊണ്ടുവരുമ്പോൾ മാത്രമേ നമുക്ക് ഇവിടുത്തെ സോഴ്സ് ബലപ്പെടുത്തുവാൻ കഴിയൂ. ഏതായാലും വേൾഡ് ബാങ്കിന്റെ ഇപ്പോൾ ഗവൺമെന്റ് ടെണ്ടർ വിളിച്ചിരിക്കുന്ന ആ പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി മാത്രമേ ശാശ്വതമായി ഇതിന് പരിഹാരം ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

വുകയുള്ളു. ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞ മറ്റൊരു കാര്യം പുതിയ ഒരു കുഴൽകിണർ കുഴിക്കുന്നതിനെ സംബന്ധിച്ചാണ്. തീർച്ചയായും ഞാൻ ആ കാര്യത്തിനുവേണ്ട നിർദ്ദേശം കൊടുക്കാം. ഒരാളെ അയയ്ക്കാം. വെള്ളം ഉണ്ടെങ്കിൽ അവിടെ ഒരു കുഴൽകിണർ കുഴിക്കാം. എഴുപുന്ന പഞ്ചായത്തിലെ പൈപ്പ്ലൈനിനെക്കുറിച്ച് പറഞ്ഞു. കീഴിയുന്നിടത്തോളം ആ പൈപ്പ് ലൈൻ നിലനിൽക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കാം. കൂടുതൽ ഹരിജനങ്ങൾ പാർക്കുന്ന ആ പ്രദേശങ്ങളിൽ കൂടുതൽ ടാപ്പുകൾ കൊണ്ടുവരുന്നതിനുള്ള നടപടികളും എടുക്കാം. മറ്റ് ഓരോ പഞ്ചായത്തിനെക്കുറിച്ചും ഇവിടെ പറഞ്ഞ കാര്യങ്ങൾ ഒക്കെയും ഞാൻ ശ്രദ്ധയോടെ നോട്ട് ചെയ്തിട്ടുണ്ട്. അതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(53) സെപ്റ്റംബർ പരീക്ഷകൾ നടത്തുന്നതു സംബന്ധിച്ച്

ശ്രീ. ബേബി ജോൺ: സർ, നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ചില വസ്തുതകൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ വഴി ഉദ്ദേശിക്കുന്നത്. ഈ രംഗം ഏതാണ്ട് താറുമാറായി കിടക്കുകയാണ്, നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല ഇന്ന് അനാഥാവസ്ഥയിലാണ്. സമയത്ത് പരീക്ഷകൾ നടത്തുന്നില്ല, നടത്തിയാൽത്തന്നെ സമയത്ത് ഫലപ്രഖ്യാപനം ഉണ്ടാകില്ല. അഥവാ ഫലപ്രഖ്യാപനം ഉണ്ടായാൽത്തന്നെ മുഴുവനും തെറ്റുമായിരിക്കും.

ഇപ്പോഴത്തന്നെ സെപ്റ്റംബർ പരീക്ഷ നടത്തേണ്ട സമയം കഴിഞ്ഞിട്ടും എന്നത്തേക്ക് നടത്തുമെന്നറിയില്ല. അതുപോലെ മറ്റു ഡിഗ്രി പരീക്ഷകൾ നടന്നിട്ടില്ല. കഴിഞ്ഞ വർഷത്തെ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സ് പരീക്ഷാഫലം രണ്ടാഴ്ചയ്ക്കു മുമ്പാണ് പ്രസിദ്ധീകരിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ വളരെയധികം ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിന്റെ രണ്ട് സ്റ്റാൻഡിംഗ് കമ്മിറ്റികൾ കഴിഞ്ഞ പ്രീ-ഡിഗ്രി പരീക്ഷാ ഫലപ്രഖ്യാപനത്തെക്കുറിച്ചുള്ള പരിശോധനകളെക്കുറിച്ചും നിഗമനങ്ങളെക്കുറിച്ചും ഒക്കെ ഇന്നത്തെ കേരള കൗമുദിയിൽ പറഞ്ഞിട്ടുണ്ട്. അവർ പറഞ്ഞിരിക്കുന്നത്, വളരെയേറെ ക്രമക്കേടുകൾ ഈ രംഗത്തുണ്ടായിട്ടുണ്ടെന്നാണ്. ആ ക്രമക്കേടുകൾ തോറ്റവരെ ജയിപ്പിക്കുകയും തേഡ് ക്ലാസ്സുകാരെ സെക്കൻഡ് ക്ലാസ്സുകാരും ഫസ്റ്റ് ക്ലാസ്സുകാരും ആക്കിത്തീർക്കുകയും ചെയ്തതുംപ്പെടെയുള്ള അമ്പരപ്പിക്കുന്ന നിരവധി അക്രമങ്ങൾക്ക് ഇടയാക്കിയെന്ന് അവർ പറയുന്നു. ഇതെന്റെ അഭിപ്രായമല്ല, സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അഭിപ്രായമാണ്. ടാബുലേഷൻ ഷീറ്റിൽ മനഃപൂർവ്വമായി കൃത്രിമങ്ങൾ കാണിച്ചതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഏതാണ്ട് 96,000 വിദ്യാർത്ഥികളാണ് കഴിഞ്ഞ വർഷം കേരള യൂണിവേഴ്സിറ്റിയിൽ പ്രീ-ഡിഗ്രിക്കുവേണ്ടി എഴുതിയത്. പല തവണകളായി പ്രസിദ്ധീകരിച്ച ഫലപ്രഖ്യാപനങ്ങളെല്ലാം കൂടി കണക്കിലെടുത്താൽ ഇനി ബാക്കി എഴുപതിനായിരം പേരുടെ റിസൾട്ട് പ്രസിദ്ധീകരിക്കുവാനുണ്ട്: അതായത് എഴുപതിനായിരം പേർ തോറ്റെന്ന നിഗമനത്തിലാണ് എത്തേണ്ടത്. കൂടെ ഫലപ്രഖ്യാപനം അവിടെ തടഞ്ഞുവച്ചിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമോയെന്ന് എനിക്കറിയില്ല. ഇപ്പോഴത്തെ

LIBRARY ARCHIVES Kerala Legislative Assembly